പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1423

15.06.2012 ൽ നൽകിയ താൽക്കാലിക മറുപടിയുള്ള പൂർണ്ണ മറുപടി.

## കർഷക ആത്മഹത്യ തടയാൻ സ്വീകരിച്ച നടപടികൾ

**ചോദ്യം**
ശ്രീമതി ജമീലാ പ്രകാശം

**മറുപടി**
ശ്രീ. കെ.പി. മോഹനൻ
(ബഹു: കൃഷിയും,മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കർഷകരാണ് ആത്മഹത്യ ചെയ്തത്;

(ബി) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എ) & (ബി)

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | - |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 |
| കോട്ടയം | - |
| ഇടുക്കി | - |
| എറണാകുളം | - |
| തൃശ്ശൂർ | 2 |
| പാലക്കാട് | 5 |
| കോഴിക്കോട് | 1 |
| മലപ്പുറം | - |
| വയനാട് | 18 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| **ആകെ** | **39** |

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് എന്ത് സഹായമാണ് നല്കിയത്;

(ഡി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) & (ഡി) വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത 15 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | കർഷക ആത്മഹത്യ തടയാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ഇ) & (എഫ്) | 2011-12 കാലയളവിൽ കർഷകരുടെ ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട വയനാട് ജില്ലയിൽ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിച്ചുവരുന്നതുമായ നടപടികൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (എഫ്) | അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

1) ജോസ് , S/o അഗസ്റ്റി, തോപ്പിൽ വീട്, നല്ലൂർ നാട്.
2) സി.പി. ശശിധരൻ, മഞ്ജുഷനിവാസ്, മല്ലിശ്ശേരി കുന്ന്, കൊട്ടാരകുന്ന്പി.ഒ.
3) അശോകൻ, S/o ശങ്കു. ഇലവുംകുന്നേൽ വീട്, സീതാമൗണ്ട് പി.ഒ., പാടിച്ചിറ.
4) രാജു (വർഗ്ഗീസ്) S/o സ്കറിയ, ആലിശ്ശേരി പുൽപ്പാറ വീട്, കുഴിമുക്ക്, പള്ളിക്കവല, തൃക്കൈപ്പറ്റ.
5) പൈലി, വടക്കംതുരത്തേൽ വീട്, പോത്തുകെട്ടി, അമ്പലവയൽ.
6) ഔസേഫ്, കീഴപ്പള്ളിവീട്, പുറക്കാടി.
7) കുഞ്ഞികൃഷ്ണൻ, S/o അപ്പുണ്ണി, പഴഞ്ചോട്ടിൽ വീട്, താഴമുണ്ട പി.ഒ.
8) മണി, താഴത്ത് മുലായത്ത് വീട്,വളഞ്ചേരിക്കുന്ന്, ചെതലയം പി.ഒ.
9) സൈമൺ, മംഗലത്ത്, വെള്ളമുണ്ട
10) ലക്ഷ്മണൻ S/o നാണി ചെട്ടിച്ച്യാർ, നാനംപ്ലാവ് വീട്, തോമാട്ടുചാൽ.
11) മോഹനൻ, S/o ഗോപാലൻ, താത്തൂർ വീട്, കിടങ്ങനാട്)
12) എൻ.ഡി. ജോൺ, S/o ദേവസ്യ, ഞാറക്കുളത്തുവീട്, പുതുശ്ശേരി പി.ഒ.
13) ദേവസി, ഇലവത്തിങ്കൽ ഹൗസ്, ജയ്ഹിന്ദ് തൃക്കൈപ്പറ്റ
14) കമലാക്ഷി, ഇട്ടേക്കാട്ട് ഹൗസ്, കോമാട്ടുകുന്ന്
15) ബിജുപീറ്റർ, വണ്ടമ്മാക്കൽ ഹൗസ്, ഉപ്പുപാറ.

സെക്ഷൻ ഓഫീസർ

## അനുബന്ധം II

വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി സംബന്ധിച്ച് കാർഷികോല്പാദന കമ്മീഷണർ നൽകിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16.11.2011 ലെ മന്ത്രിസഭായോഗത്തിലെടുത്ത തീരുമാനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള/ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. 15.12.2011 ലെ ജി.ഒ(എംഎസ്) നം.451/11/റവ, 16.12.2011 ലെ ജി.ഒ(എംഎസ്) നം.453/ 11/റവ എന്നീ ഉത്തരവുകൾ പ്രകാരം ഹൗസിംഗ് ബോർഡ്, കോ- ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്‌വേഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും ടി കടങ്ങൾക്കുള്ള പിഴപ്പലിശ ഒഴിവാക്കിക്കൊണ്ടും എന്നാൽ കൃത്യമായ തിരിച്ചടവിന് പലിശയിനത്തിൽ അടച്ചിട്ടുള്ള തുകയിൽ 10% കിഴിവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. 23.11.2011 ന് വിളിച്ചു ചേർത്ത സ്പെഷ്യൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിലെ തീരുമാനമനുസരിച്ച് 30.12.2011 ലെ ജി.ഒ(എംഎസ്) നം.279/2011/കൃഷി ഉത്തരവ് പ്രകാരം വയനാട് ജില്ലയെ കാർഷിക ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കും ഇപ്പോൾ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്കും വേണ്ടി ഒരു ബാങ്കേഴ്സ് പാക്കേജ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അനുവദിച്ച് നടപ്പാക്കി വരുന്നുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിലെ കർഷകർ കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തി എടുത്തിട്ടുള്ള വായ്പകൾക്ക് വാണിജ്യ ബാങ്കുകൾ 30.12.2011 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം ഉൾപ്പെടെ വിവിധ നടപടികൾ എടുത്തിട്ടുണ്ട്.

3. വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള മുഴുവൻ കാർഷികകടങ്ങളും പരിഗണിക്കുവാൻ അധികാരപ്പെടുത്തും വിധം 2006 ലെ കേരള ഫാമേഴ്സ് ഡെബ്റ്റ് റിലീഫ് കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. ജില്ലാ സഹകരണ ബാങ്കുകളും, പ്രൈമറി സഹകരണ ബാങ്കുകളും കാർഷിക വായ്പകൾ നൽകുന്നതിനായി ആവശ്യമായ റീ-ഫൈനാൻസിനുള്ള തടസ്സങ്ങൾ മാറ്റി പ്രസ്തുത സ്ഥാപനങ്ങളെ കാർഷിക വായ്പകൾ നൽകുന്നതിന് വീണ്ടും സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി നബാർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, ലാന്റ് ഡെവലപ്മെന്റ് ബാങ്കുകൾ എന്നിവയുടെ പ്രതിനിധികളുടെ ഒരു യോഗം 30.11.2011 ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും യോഗ തീരുമാനങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

5. 1958 ലെ കേരള മണി ലെൻഡേഴ്സ് ആക്ടിന്റെ ഭാഗമായി മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

6. കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നൽകി അവ സംഭരിക്കുന്നതിനുള്ള വിശദമായ സ്കീം തയ്യാറാക്കിയിട്ടുണ്ട്.

7. 23.11.2011 ലെ ജി.ഒ(എംഎസ്) നം.255/2011/കൃഷി പ്രകാരം വയനാട് ജില്ലയിൽ നെല്ല് സംഭരണം നടത്തുവാൻ തീരുമാനിച്ചുകൊണ്ടും കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ അരി മില്ലുകളിലേയ്ക്ക് നെല്ല് കൊണ്ടുപോകുന്നതിനുള്ള അധിക ചെലവ് ട്രാൻസ്പോർട്ട് സബ്സിഡിയായി സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഉത്തരവാകുകയും 16.12.2011 ലെ ജി.ഒ(ആർറ്റി.) നം.2355/2011/കൃഷി ഉത്തരവ് പ്രകാരം ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് വയനാട് ജില്ലയിൽ നാളിതുവരെ 2065 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും അതിന്റെ ആനുകൂല്യം 1110 കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 17.02.2012 ലെ സ.ഉ(എംഎസ്.) നം31/2012/കൃഷി ഉത്തരവ് പ്രകാരം നെല്ല് സംഭരണം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

8. 13.12.2011 ലെ ജി.ഒ(എംഎസ്) നം.272/2011/കൃഷി ഉത്തരവ് പ്രകാരം കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വയനാട് ജില്ലയുടെ ചുമതലയുള്ള പട്ടികവർഗ്ഗക്ഷേമ-യുവജനകാര്യ-മ്യൂസിയം-മൃഗശാല വകുപ്പ് മന്ത്രി അംഗമായി, കാർഷികോല്പാദന കമ്മീഷണർ കൺവീനറായി സർക്കാർ പരിപാടികളുടെ നടത്തിപ്പ് വിലയിരുത്തുന്നതിനായി സ്പെഷ്യൽ മോണിറ്ററിംഗ് സംവിധാനം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്.

9. കർഷകർക്ക് അർഹതപ്പെട്ട സബ്സിഡികൾ ക്യാഷ് സബ്സിഡിയായി നൽകുന്നതിന് ഉചിതമായ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

10. 22.11.2011 ലെ ജി.ഒ(എംഎസ്) നം.256/2011/കൃഷി ഉത്തരവ് പ്രകാരം പഞ്ചായത്തു തലത്തിൽ കർഷക മിത്ര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ കൃഷി ഓഫീസർ, വെറ്റിനറി ഓഫീസർ, പഞ്ചായത്ത് പ്രദേശത്തെ ഒന്നോ രണ്ടോ വോളന്ററി ഏജൻസികളുടെ പ്രതിനിധികൾ , പ്രാഥമിക സഹകരണ ബാങ്ക് പ്രസിഡന്റ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളാണ്. സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകവൃത്തി, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷികോല്പന്നങ്ങളുടെ വിലനിലവാരം എന്നിവയെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്. വയനാട് ജില്ലയിൽ 26 കർഷകമിത്ര സമിതികൾ രൂപീകരിക്കുകയും ഇതിന്റെ ആദ്യയോഗം വിളിച്ചു കൂട്ടുകയും ചെയ്തിട്ടുണ്ട്.

11. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കർഷകരുടെ ഭൂമിയിൽ എതെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കാമെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 14.12.2011 ലെ 65108/ഡിഡി2/2011/ത.സ്വ.ഭ.വ നമ്പരായി സർക്കുലർ പുറപ്പെടുവിക്കുകയും ഇക്കാര്യം പൊതുജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ എം.ജി.എൻ.ആർ.ഇ.ജി.എസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

12. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് പരമാവധി 50,000/- രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി 100% വരെ നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യമൃഗങ്ങൾ കാർഷികവിളകൾ നശിപ്പിക്കുന്നത് തടയുന്നതിന് RIDF ൽ ഉൾപ്പെടുത്തി വൈദ്യുത വേലി കെട്ടുന്ന കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ